File No.FWLD-F3/325/2018-FWLD

13832
30/12/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനംവന്യജീവിവകുപ്പ്-സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.ജോബി.എ-യുടെ മകന്റെ ചികിൽസാ ചെലവ് പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് -പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.328/2020/വനം തീയതി,തിരുവനന്തപുരം, 29/12/2020

പരാമർശം:- 1 ശ്രീ.എ.ജോബി 22.12.2017 ൽ സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും.

2 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 20.12.2018, 25.01.2019, 30.09.2020 തീയതികളിലെ എച്ച്2-41436/2017 നം. കത്തും, അനുബന്ധവും.

3 ആരോഗ്യവകുപ്പ് ഡയറക്ടറുടെ 22.07.2020 ലെ (എൽ.ഡി.സ്)എം.ആർ2-78068/2019/ആ.വ.ഡ നം.കത്ത്.

ഉത്തരവ്

വനം വകുപ്പിൽ പുനലൂർ ഡിവിഷന് കീഴിലുള്ള അഞ്ചൽ റെയിഞ്ചിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജോബി.എ-യുടെ മകന്റെ Crush injury (Rt) foot ചികിത്സയ്ക്ക് തിരുവനന്തപുരം എസ്. പി ഫോർട്ട് ആശുപത്രിയിൽ 03/08/2017 മുതൽ 16/08/2017 വരെ ചെലവായ തുകയായ ₹ 3,58,215/-രൂപയും, ₹ 7,844 രൂപയും പ്രതിപൂരണം ചെയത് നൽകുവാൻ അനുമതി ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരമുള്ള അപേക്ഷ, അനുബന്ധ രേഖകൾ സഹിതം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. വനം വകുപ്പിൽ പുനലൂർ ഡിവിഷന് കീഴിലുള്ള അഞ്ചൽ റെയിഞ്ചിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.ജോബി. എ-യുടെ മകന്റെ Crush injury (Rt) foot ചികിത്സയ്ക്ക് തിരുവനന്തപുരം എസ്. പി ഫോർട്ട് ആശുപത്രിയിൽ 03/08/2017 മുതൽ 16/08/2017 വരെ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ ₹1,47,885/- രൂപ ( ഒരു ലക്ഷത്തി നാൽപത്തേഴായിരത്തി എണ്ണൂറ്റി എൺപത്തഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നല്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJEEVAN M K
അണ്ടർ സെക്രട്ടറി

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം(ബില്ലുകൾ സഹിതം)
ശ്രീ.ജോബി. എ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, (ഭരണവിഭാഗം ഉപമുഖ്യവനപാലകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ.
ആരോഗ്യകുടുംബക്ഷേമ വകുപ്പ്(ജി2/269/2019/ആ.കു.വ തിയതി 07.06.2019 പ്രകാരം)
ധനകാര്യ വകുപ്പ്(എൽ3/388/19-ഫിൻ(E-1241409 ) തിയതി 16.12.2020 പ്രകാരം)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NOUSHAD S
Date: 2020.1[illegible] 16:08:43 IST
Reason: Approved

സെക്ഷൻ ഓഫീസർ.

പകർപ്പ് -വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.